**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6758** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷികളുള്ള കുട്ടികളുടെ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭിന്നശേഷികളുള്ള കുട്ടികൾ, ബൗദ്ധിക പരിമിതികളുള്ള കുട്ടികൾ എന്നിവരെ അവരുടെ പഠന പ്രവർത്തനങ്ങളിൽ സഹായിച്ച് മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്ന പ്രത്യേക പരിഗണനകളും നടത്തുന്ന പ്രവർത്തനങ്ങളും വിശദമാക്കുമോ; | (എ) | **ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. പുതിയ പദ്ധതിയായ മോഡൽ ഇൻക്ലൂസീവ് സ്കൂൾ എന്ന പദ്ധതിയിലൂടെ ഇത്തരം കുട്ടികളുടെ രക്ഷിതാക്കൾക്കും സഹപാഠികൾക്കും സഹപാഠികളുടെ രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നൽകാനും തീരുമാനമായിട്ടുണ്ട്. കേരള പരീക്ഷാ ഭവൻ നടത്തുന്ന വിവിധ പരീക്ഷകൾക്ക് ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടെ വൈകല്യത്തിന്റെ തോതും സ്വഭാവവും അനുസരിച്ച് വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അർഹതയുള്ള പരീക്ഷാനുകൂല്യങ്ങളും നൽകി വരുന്നു.**<br><br>**ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കൂളുകളിൽ അക്കാദമികവും അക്കാദമികേതരവുമായ കാര്യങ്ങളിൽ അധിക പിന്തുണ നൽകുന്നതിനായി എലമെന്ററി വിഭാഗത്തിൽ 1513 ഉം സെക്കന്ററി വിഭാഗത്തിൽ 1241 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. വിവിധ കാറ്റഗറിൽപ്പെട്ട ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ വിധത്തിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ എല്ലാ വിഷയങ്ങളുടെയും മുഴുവൻ പാഠഭാഗങ്ങളും വീഡിയോകളാക്കി, ഒപ്പം കാഴ്ച പരിമിതർക്കായി ശബ്ദപാഠങ്ങൾ തയ്യാറാക്കി ssakerala.in/ie എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നേതൃത്വത്തിൽ ഇവ കുട്ടികളുടെ** |

| | | | |
|---|---|---|---|
| | | | **പഠന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. സംസ്ഥാനത്ത് 168 ബി.ആർ.സി. കളിലായി പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററുകളിലും, സ്കൂളുകളുടെ ഭാഗമായുള്ള 1500 സ്പെഷ്യൽ കെയർ സെന്ററുകളിലും ഇവർക്കായി പ്രത്യേക അക്കാദമിക പിന്തുണാ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ആവശ്യമുള്ള കുട്ടികൾക്ക് വെർച്വൽ ക്ലാസ്സ് റൂം സംവിധാനവും ഈ വർഷം നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.**<br><br>**പൊതു വിദ്യാലയങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്നതും ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നതുമായ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ, കാഴ്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ, പഠന വൈകല്യം എന്ന അവസ്ഥയുള്ള കുട്ടികൾ, ഓട്ടിസം എന്ന അവസ്ഥയുള്ള കുട്ടികൾ എന്നിവർക്ക് വിദ്യാലയത്തിലും വീട്ടിലും അനുയോജ്യമായ പിന്തുണ ഉറപ്പുവരുത്തുന്നതിനായി ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ത്രിദിന റെസിഡൻഷ്യൽ പരിശീലനം വിദഗ്ധരായ പരിശീലകരുടെ നേതൃത്വത്തിൽ നൽകുകയുണ്ടായി.**<br><br>**പഠന വൈകല്യം, Type I ഡയബറ്റിക്സ് എന്നീ മേഖലകളിൽ സമഗ്ര ശിക്ഷാ കേരളയ്ക്ക് കീഴിൽ പ്രവർത്തിച്ചു വരുന്ന കേരളത്തിലെ മുഴുവൻ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കും നാല് ദിവസത്തെ റസിഡൻഷ്യൽ പരിശീലനം നൽകി. 2023-24 അക്കാദമിക വർഷം ഓട്ടിസം, കാഴ്ച, ബുദ്ധി, ശ്രവണം എന്നീ മേഖലകളിൽ സമഗ്ര ശിക്ഷാ കേരളയ്ക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന കേരളത്തിലെ മുഴുവൻ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കും പരിശീലനം ലഭ്യമാക്കുന്നതായിരിക്കും.**<br><br>**ബുദ്ധിപരമായ വെല്ലുവിളി, കാഴ്ചപരമായ വെല്ലുവിളി, പഠനവൈകല്യം, ഓട്ടിസം എന്നീ മേഖലകളിൽ അധ്യാപക വിദ്യാർത്ഥികൾക്കുവേണ്ടി പരിശീലന മോഡ്യൂൾ തയ്യാറാക്കുകയും ചതുർദിന സഹവാസ ക്യാമ്പിലൂടെ പ്രസ്തുത മോഡ്യൂളിന്റെ പ്രയോഗ പരീക്ഷണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തയ്യാറാക്കിയ മോഡ്യൂൾ ഉപയോഗിച്ച് കേരളത്തിലെ മുഴുവൻ അദ്ധ്യാപക വിദ്യാർത്ഥികൾക്കുമുള്ള പരിശീലനം 2023-24 അക്കാദമിക വർഷം പൂർത്തികരിക്കുന്നതാണ്.** |
| (ബി) | ഐ.ക്യു. കുറവ്, ഗ്രഹണശേഷിക്കുറവ്, ബോർഡർലൈൻ ഇന്റലിജൻസ് എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് പ്രത്യേക | (ബി) | ഉണ്ട്. കുട്ടികൾക്ക് സ്കൂളുകളിൽ അക്കാദമികവും അക്കാദമികേതരവുമായ കാര്യങ്ങളിൽ അധിക പിന്തുണ നൽകുന്നതിനായി എലമെന്ററി വിഭാഗത്തിൽ 1513 ഉം സെക്കന്ററി വിഭാഗത്തിൽ |

| | | | |
|---|---|---|---|
| | പരിഗണന നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | | 1241 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. വിവിധ കാറ്റഗറിൽപ്പെട്ട ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ വിധത്തിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ എല്ലാ വിഷയങ്ങളുടെയും മുഴുവൻ പാഠഭാഗങ്ങളും വീഡിയോകളാക്കി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സഹായത്തോടെ കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു.<br><br>ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള സവിശേഷ വിദ്യാലയങ്ങൾക്ക് ബാധകമായ പ്രത്യേക പാഠ്യപദ്ധതി രൂപീകരണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം തന്നെ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത്തരം കുട്ടികളെ കണ്ടെത്തി വേണ്ടത്ര പരിഗണന നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) | ഏപ്രിൽ, മെയ് മാസങ്ങളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നേതൃത്വത്തിൽ സർവ്വേ നടത്തി ഭിന്നശേഷിയുള്ളതായി സംശയിക്കുന്ന കുട്ടികളെ കണ്ടെത്തി പട്ടികപ്പെടുത്തുകയും ഇവർക്ക് സ്കൂൾ പ്രവേശനം ഉറപ്പാക്കുകയും ചെയ്യുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ എല്ലാ ബി.ആർ.സി. കളിലും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും കുട്ടികളുടെ പരിമിതികൾ കണ്ടെത്തി ഡോക്ടർ, വിദഗ്ധർ തുടങ്ങിയവരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്ത് വരുന്നു.<br><br>ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള സവിശേഷ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതിനുവേണ്ടി പഠനപ്രവർത്തന പാക്കേജുകൾ തയ്യാറാക്കി വരുന്നുണ്ട്. ആദ്യഘട്ട പ്രവർത്തന പാക്കേജ് പ്രയോഗ പരീക്ഷണം നടത്തുന്നതിനായി വിദ്യാലയങ്ങൾക്ക് നൽകി കഴിഞ്ഞിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തന പാക്കേജ് ഏപ്രിൽ മാസം വിദ്യാലയങ്ങൾക്ക് ലഭ്യമാക്കുന്നതായിരിക്കും. ഇതിനെ അടിസ്ഥാനമാക്കിയുള്ള അധ്യാപക പരിശീലനം മെയ് മാസത്തിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ